**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2449** **15-10-2024 - ൽ മറുപടിയ്ക്ക്**

**താമരശ്ശേരി താലൂക്കിൽ ലീഗൽ സർവ്വീസ് അതോറിറ്റി കമ്മിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പുതുതായി നിലവിൽ വന്ന താമരശ്ശേരി താലൂക്കിൽ ലീഗൽ സർവ്വീസ് അതോറിറ്റി കമ്മിറ്റി നിലവിലില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതോറിറ്റി രൂപീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | താമരശ്ശേരി താലൂക്കിൽ പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | **താമരശ്ശേരി താലൂക്കിൽ പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നതിന് ധനകാര്യവകുപ്പിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.** |
| (സി) | ലീഗൽ സർവ്വീസ് കമ്മിറ്റി നൽകുന്ന സേവനങ്ങൾ വിശദമാക്കുമോ? | (സി) | 1987-ലെ ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്റ്റ് പ്രകാരം താലൂക്ക് **ലീഗൽ സർവ്വീസസ് കമ്മിറ്റികൾ നൽകുന്ന പ്രധാന സേവനങ്ങൾ താഴെപറയുന്നവയാണ്.**<br><br>1. താലൂക്കിലെ നിയമ സേവനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.<br><br>2. സമൂഹത്തിലെ ദുർബലവിഭാഗങ്ങൾക്ക് സൗജന്യ നിയമസഹായം നൽകുന്നു.<br><br>3 നിയമ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നു.<br><br>4.കേസുകൾ പരിഹരിക്കുന്നതിന് ലോക് അദാലത്തുകൾ നടത്തുന്നു.<br><br>5.സംസ്ഥാന അതോറിറ്റിയുടെ അംഗീകാരത്തോടെ നിയമ ബോധവൽക്കരണ ക്യാമ്പുകൾ, സെമിനാറുകൾ എന്നിവ നടത്തുന്നു.<br><br>6. ജില്ലാ അതോറിറ്റി സമയാസമയം ഏൽപ്പിക്കുന്ന ചുമതലകൾ നിർവ്വഹിക്കുന്നു. |

സെക്ഷൻ ഓഫീസർ